റഠിയിലെ കഠെ സാമാനങ്ങൾ തല്ലി ഉടക്കുകയും ചെയ്യുവെന്നു് "മലബാർമെയിൽ, ദീന ബന്ധു" എന്നീപത്രങ്ങളിലുണ്ടായിരുന്ന റിപ്പോർട്ടുകൾ ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയെപ്പറ്റി ഗവമ്മെണ്ടു് അന്വേഷിക്കുകയൊ പ്രിൻസിപ്പാളിൽ നിന്നും ഇതിനെപ്പറ്റി ഗവമ്മെണ്ടിനു് റിപ്പോർട്ടു് കിട്ടുകയൊ ഉണ്ടായിട്ടുണ്ടോ;

(സി) ഈ സംഭവത്തെ സംബന്ധിച്ചു് കോളേജു് അധികാരികളൊ ഗവമ്മെണ്ടോ വല്ല നടവടിയും നടത്തുകയൊ കഠവാളികളെ ശിക്ഷിക്കുകയൊ ഉണ്ടായിട്ടുണ്ടോ;

(ഡി) ശിക്ഷിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ടു്;

(ഇ) ശിക്ഷിച്ചെങ്കിൽ പിന്നീടു് ആ ശിക്ഷ റദ്ദായിപ്പോകുന്ന നടപടികൾ അംഗീകരിക്കാൻ ഗവമ്മെണ്ടിനെ പ്രേരിപ്പിച്ച ഹേതു എന്തു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : (എ) ഉവ്വു്.

(ബി) പ്രിൻസിപ്പാൾ അന്നേദിവസത്തെ സംഭവങ്ങളെപ്പറ്റി റിപ്പോർട്ടു ചെയ്തിട്ടുണ്ടു്.

(സി) കോളേജു് പ്രിൻസിപ്പാൾ ഫ ഴ വിദ്യാർത്ഥികളെ എക്സ്പെൽ ചെയ്തു.

(സി) ഉത്തരം ആവശ്യമില്ല.

(ഇ) ഗവമ്മെണ്ടു് അപ്രകാരം നടപടികൾ അംഗീകരിച്ചിട്ടില്ല.

6. മിസ്റ്റർ കെ. എ. രാഘവൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവമ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) കോളേജിൽനിന്നും പിരിച്ചുവിട്ട വിദ്യാർത്ഥികളെ തിരിച്ചെടുക്കുന്നതിനെ സംബന്ധിച്ചു സവ്വകലാശാല വൈസ്ചാൻസ്ലരുടെ അടുക്കൽ ശുപാർശ ചെയ്യുവാൻ ഇവിടത്തെ മദ്രാസ്സുമെയിൽ പ്രതിനിധിയേയും ഒരു വക്കീലിനേയും സക്കാർ ചിലവിൽ മദ്രാസ്സിലേക്കു് അയച്ചുവെന്നായി "എക്സ്പ്രസ്സ്" പത്രത്തിലുണ്ടായിരുന്ന വാർത്ത ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഈ ദൌത്യത്തിന്റെ ഫലമായി പുറത്താക്കിയവരെ സവ്വകലാശാല തിരിച്ചെടുക്കുവാൻ തീരുമാനിക്കയുണ്ടായൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : (എ) ഉവ്വു്, ആ വാർത്ത നേരല്ല.

(ബി) ഗവമ്മെണ്ടിന്റെ ദൌത്യം ആരും വഹിച്ചിട്ടില്ല. സവ്വകലാശാല എന്തു തീരുമാനിച്ചു എന്നു് അറിവില്ല.

ACTION REGARDING MAHARAJ'AS COLLEGE DISTURBANCES

8. മിസ്റ്റർ കെ. എ. രാഘവൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു സദയം മറുപടി പറയുമൊ.—

(എ) മഹാരാജാസ് കോളേജിൽനിന്നും ഫ ഴ വിദ്യാർത്ഥികളെ ബഹിഷ്കരിക്കുവാനുണ്ടായ കാരണമെന്തായിരുന്നു;

(ബി) ഈ ബഹിഷ്കരണ ഉത്തരവു് പ്രിൻസിപ്പാൾ പുറപ്പെടുവിക്കുന്നതിനുമുമ്പു് ഗവമ്മെണ്ടിലേക്കു ആ വിവരം റിപ്പോർട്ടുചെയ്തു് അനുമതി വാങ്ങിയിരുന്നൊ;

(സി) ഗവമ്മെണ്ടു അനുമതിയോടുകൂടിയാണൊ ഈ ബഹിഷ്കരണകാര്യം സവ്വകലാശാല വൈസ്ചാൻസ്ലക്കു് പ്രിൻസിപ്പാൾ റിപ്പോർട്ടു ചെയ്തതു;

(ഡി) പിന്നിട്ടു ഈ വിദ്യാർത്ഥികളെ തിരിച്ചെടുക്കണമെന്നായി പ്രിൻസിപ്പാൾ സവ്വകലാശാലാധികൃതന്മാർക്കു് ശുപാർശ ചെയ്തുകയുണ്ടായൊ;

(ഇ) വിദ്യാർത്ഥികൾ നിരപരാധികളായതുകൊണ്ടായിരിക്കയില്ലെ പ്രിൻസിപ്പാൾ അപ്രകാരം ശുപാർശ ചെയ്തതു;

(എഫ്) ഈ നിലയിൽ പ്രവൃത്തിച്ചതിനു് പ്രിൻസിപ്പാളിന്റെ പേരിൽ വല്ല നടവടിയും ഗവമ്മെണ്ടു എടുക്കുകയുണ്ടായൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : (എ) "For their active part in the recent disturbances in the College" എന്നാണു് അവരെ എക്സ്പെൽ ചെയ്ത ഓർഡറിൽ കാണുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly